LIBRARY ARCHIVES Kerala Legislative Assembly

പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകൾ

31 (5163) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഗവ/എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തിവരുന്നുണ്ട് ;

(ബി) ഈ ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ വേതനം നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കുമോ ;

(സി) സർക്കാർ അദ്ധ്യാപകർക്ക് ലഭിക്കുന്ന മറ്റാനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നുണ്ടോ ;

(ഡി) ഈ അദ്ധ്യാപകരുടെ വേതനം ഏകീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1068 (ആയിരത്തി അറുപത്തിയെട്ട്) സർക്കാർ സ്കൂളുകളിലും 977 (തൊള്ളായിരത്തി എഴുപത്തിയേഴ്) എയ്ഡഡ് സ്കൂളുകളിലും പ്രീ-പ്രൈമറി ക്ളാസ്സുകൾ നടത്തിവരുന്നുണ്ട്.

(ബി) പി.ടി.എ.കൾക്ക്.

(സി) ഇല്ല.

(ഡി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ പെരുമ്പട്ട യു.പി. സ്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യാൻ നടപടി

32 (5164) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ മേഖലയിൽ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ച് പുതുതായി കേരളത്തിൽ ഹൈസ്ക്കൂളുകൾ അനുവദിക്കാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിലെ പെരുമ്പട്ട ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാധാരണഗതിയിൽ പുതിയ സ്കൂളുകൾ അനുവദിക്കുകയോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ വേണ്ടതില്ല എന്നതാണ് സർക്കാർ നയം. എന്നാൽ മലബാർ മേഖലയിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിലെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ടി പ്രദേശങ്ങളിലെ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

മങ്ങാട്ടുമുറി എ.എം.എൽ.പി.സ്കൂൾ അടച്ചുപൂട്ടുന്നതിന് അനുമതി

33 (5165) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി സബ്ജില്ലയിൽപ്പെട്ട മങ്ങാട്ടുമുറി എ.എം.എൽ.പി. സ്ക്കൂൾ അടച്ചുപൂട്ടുന്നതിന് അനുമതി തേടിക്കൊണ്ട് മാനേജർ വിദ്യാഭ്യാസ അധികൃതരെ സമീപിച്ചിട്ടുണ്ടോ ;

(ബി) ഇതിനെതിരെ പി.ടി.എ.യും നാട്ടുകാരും അധികൃതരെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എടുത്ത നടപടികൾ വിശദീകരിക്കുമോ ;

(സി) സ്ക്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള മാനേജർമാരുടെ ശ്രമങ്ങളെ ചെറുക്കുന്നതിന് അത്തരം സ്ക്കൂളുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സ്കൂൾ അടച്ചുപൂട്ടുന്നതിനുള്ള മാനേജരുടെ അപേക്ഷ നിരസിച്ചുകൊണ്ടും 1-6-2010-ൽ സ്കൂൾ സാധാരണപോലെ തുറന്നു പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകിക്കൊണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർ 29-5-2010-ൽ എൻ.എസ്. 2/59529/09/ഡി.പി.ഐ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്കൂളുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലവിൽ ചട്ടങ്ങൾ ഉണ്ട്. അതിൻപ്രകാരം ആവശ്യംവരുമ്പോൾ ഉചിതമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ

34 (5166) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനത്തീയതി തിരുത്താൻ വേണ്ടി 23-2-2010-ൽ പ്രഫുൽ, പരീക്ഷാഭവനിൽ നൽകിയ അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly